

TUESDAY 25.06.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/06/2024

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന കൂൺ ഗ്രാമ പദ്ധതിയുടെ സംസ്ഥാന തല ഉത്ഘാടനവും കൂൺ മേഖലയിലെ പുരോഗമന കർഷകരെ ആദരിക്കലും 28-06-2024 വൈകിട്ട് 3.00 മണിയ്ക്ക് പാംവ്യൂ കൺവെൻഷൻ സെന്റർ ഓയിൽ പാം ഇൻഡ്യാ ലിമിറ്റ്ഡ്, ഏരൂർ വച്ച് നടത്തപ്പെടുന്നു. പുനലൂർ എം.എൽ.എ. പി.എസ്. സുപാലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് കൂൺഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം നിർവ്വഹിക്കുന്നു. തദവസരത്തിൽ മൃഗ സംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി സംസ്ഥാനത്തെ പുരോഗമന കൂൺ കർഷകരെ ആദരിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് 27-06-2024 രാവിലെ 9.00 മണിമുതൽ കാർഷിക മേളയും വിപണനവും സെമിനാറും സംഘടിപ്പിക്കുന്നു.

2. കേരള കാർഷിക സർവകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ പുതുതായി ആരംഭിച്ച 'ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കാനിസേഷൻ' എന്ന രണ്ടു വർഷത്തെ കോഴ്സിൽ ഇൻസ്ട്രക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ ബി.ടെക് അഗ്രികൾച്ചർ എൻജിനീയറിങ്/ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം ഉള്ളവർ ആയിരിക്കണം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്നതിന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി 12.07.2024 രാവിലെ 11 മണിക്ക് കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി ഓഫീസിൽ ഹാജരാകേണ്ടതാണ് . ഒഴിവുകളുടെ എണ്ണം- ഒന്നു വീതം. നിയമന കാലാവധി- ഒരു വർഷം, പ്രതിമാസ വേതനം-26,500 രൂപ വിശദവിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. കശുമാവ് കൃഷിചെയ്യാൻ താത്പര്യമുള്ളവർക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്യാൻ കിഴക്കമ്പലം കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്നു. വസ്തുവിന്റെ കരമടച്ചതിന്റെയും ആധാർ കാർഡിന്റെയും പകർപ്പ് സഹിതം ഈ മാസം 29 വരെ അപേക്ഷ സ്വീകരിക്കുന്നു.

4. പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ സംരംഭം തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പും പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ചേർന്ന് സംശുദ്ധവും സംപുഷ്ടവുമായ എംപിഐയുടെ ഇറച്ചിയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിപണനം നടത്താനുള്ള ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നു. ഒരു ഗുണഭോക്താവിന് സൗജന്യമായി 3 ലക്ഷം രൂപയുടെ മുതൽമുടക്കിലാണ് മീറ്റ് ഷോപ്പുകൾ സ്ഥാപിച്ചു നൽകുന്നത്. പ്രവർത്തന മൂലധനവും വാടകമുറിക്കുള്ള സെക്യൂരിറ്റി തുകയും ഇതിൽ ഉൾപ്പെടും. വൈദ്യുതി കണക്ഷനുള്ള 100 Sq വിസ്തീർണ്ണമുള്ള കടമുറി വാടകയ്ക്കോ സ്വന്തമായോ ഗുണഭോക്താവ് കണ്ടെത്തി അറിയിക്കണം. ആകെ 10 പേർക്കാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകുന്നത്. അപേക്ഷകൾ അതത് ജില്ലകളിൽ ഡെവലപ്മെൻറ് ഓഫീസറുടെ ശുപാർശകളോടെ ലഭിക്കേണ്ട അവസാന തീയതി 31/07/2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് മാനേജർ (മാർക്കറ്റിംഗ്), എം പി ഐ ലിമിറ്റഡ്, എടയാർ പി.ഒ, കൂത്താട്ടുകുളം. കൂടുതൽ വിവരങ്ങൾക്ക് 8281110007 എന്ന ഫോൺ നമ്പറിലോ mpiedayarmkt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

5. മത്സ്യബന്ധന യാനങ്ങളിൽ ജോലി ചെയ്യുന്ന സ്രാങ്കർമാർക്ക് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് വരെയെങ്കിലും പഠിച്ചിട്ടുള്ള 21നും 55നും ഇടയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രായമുള്ള സ്രാങ്കർമാരായിരിക്കണം അപേക്ഷകർ. രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളിൽ സ്രാങ്ക് എഞ്ചിൻ ഡ്രൈവറായി രണ്ട് വർഷത്തെയോ അല്ലെങ്കിൽ ഡെക്ക്ഹാന്റ് ആയി അഞ്ച് വർഷത്തെയോ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. അപേക്ഷ ജൂൺ 30നകം മത്സ്യഭവൻ ഓഫീസുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലോ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് 0497 2731081 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിലൂടെ വാഴകൃഷിക്ക് ആനുകുല്യങ്ങൾ ലഭിക്കാൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം 2024-25 ലെ നികുതി അടച്ച രസീത്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ് എന്നിവയുടെ കോപ്പികളും കർഷകൻ നിൽക്കുന്ന കൃഷിയിടത്തിന്റെ ഫോട്ടോ എന്നിവ രണ്ട് സെറ്റ് വീതം ചേർത്ത് 26-ന് മുൻപ് കൃഷി ഭവനിൽ അപേക്ഷ നൽകണം. 250 നേന്ത്രവാഴയിൽ കുറയാതെ അഞ്ചുമാസം വരെ പ്രായമായ വാഴ കൃഷിചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുക.

7. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണ മാർഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ജൂൺ 26-ന് രാവിലെ 10.30 മുതൽ 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം